കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## പാലക്കാട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നമ്പർ കെ.എസ്.എ.പി.കെ.ഡി8/2165/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
ഫോൺ:04912 520145
email:dopkd.ksad@kerala.gov.in

തീയതി-29.11.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പാലക്കാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് -2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997ലെ കേരള പഞ്ചായത്ത് രാജ്-പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക) .

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്ര സഹിതം)
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
3. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, പാലക്കാട്
4. കാര്യാലയ പകർപ്പ്

നമ്പർ കെ.എസ്.എ.പി.കെ.ഡി8/2165/2017 തീയതി – 29.11.2017

പാലക്കാട് ജില്ലയിലെ പാലക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ പാലക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 14.02.2017 മുതൽ 08.11.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.കൃഷ്ണകുമാർ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 09.11.2017 മുതൽ<br>17.11.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.പി.ജി.ബിന്ദു<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.രമാദേവി.പി<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ഫസീല.കെ.എ.<br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ബിന്ദു.എം.പി | 01.04.2016മുതൽ 31.03.2017വരെ |
| സെക്രട്ടറി | ശ്രീ.മനോജിത്ത് പസന്ത് | 01.04.2016മുതൽ 17.09.2016വരെ |
| | ശ്രീ.ബഷീർ.എ (ഇൻചാർജ്ജ്) | 18.09.2016മുതൽ 31.03.2017വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ | ശ്രീ.കെ.ടി.കൃഷ്ണൻകുട്ടി | 01.04.2016 മുതൽ 31.03.2017 വരെ |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീ.നൂറുദ്ദീൻ.എസ്.എം | 01.04.2016 മുതൽ 31.03.2017വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.മീന റസ്സൽ | 01.04.2016 മുതൽ 31.05.2016 വരെ |
| | ശ്രീമതി.അംഗിത ആന്റോ | 01.06.2016മുതൽ 25.07.2016 വരെ |
| | ശ്രീമതി.ബിന്ദു.എൻ | 26.07.2016മുതൽ 31.03.2017 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി.ശ്രീജ.കെ.എസ് | 01.04.2016മുതൽ 31.03.2017 വരെ |
| സി.ഡി.പി.ഒ | ശ്രീമതി.മഞ്ജുഷ.വി | 01.04.2016മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി, കോങ്ങാട്) | ഡോ.ലീനാകുമാരി.എം.ആർ | 01.04.2016മുതൽ 31.03.2017 വരെ |

# ഭാഗം 1

# പൊതു അവലോകനം

## 1-1 ബജറ്റ്

| വർഷം | ബജറ്റ് അംഗീകരിച്ച തീയതി | ബജറ്റ് പുതുക്കിയ തീയതി | റിമാർക്സ് |
|---|---|---|---|
| 2016-17 | 02.03.2016 | 31.08.2016 | - |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|---|
| 2016-17 | 31-7-2017 | | - |

## 1-3 സാമ്പത്തിക വിശകലനം

| 2016-17 | |
|---|---|
| മുന്നിരിപ്പ് | 56511527 |
| വരവ് | 85787217 |
| ആകെ | 142298744 |
| ചെലവ് | 83166784 |
| നീക്കിയിരിപ്പ് | 59131960 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | തൻ വർഷ അലോട്ട്മെന്റ് | ആകെ | ചെലവ് | ലാപ്സായ തുക | ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 27709892 | 27709892 | 19633133 | 8076759 | 70.85 |
| വികസനഫണ്ട് എസ്.സി.പി | 0 | 24855174 | 24855174 | 11584187 | 13270987 | 46.61 |
| വികസനഫണ്ട് ടി.എസ്.പി | 0 | 96369 | 96369 | 96369 | 0 | തിരിച്ചട വാക്കിയത് |
| സംരക്ഷണ ഗ്രാന്റ്- നോൺ റോഡ് | 0 | 4308945 | 4308945 | 3095951 | 1212994 | 71.85 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|---|
| 82 | 63914640 | 56 | 34409640 | - | 26 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 21 | 20 | 20643163 | 17560084 | 85.06 |
| അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ | 50 | 25 | 35700577 | 9601167 | 26.89 |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 2 | 2 | 3060000 | 3007441 | 98.28 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 2310900 | 2280000 | 98.66 |
| പട്ടികജാതി വികസന ഓഫീസർ | 2 | 2 | 800000 | 800000 | 100 |
| സി.ഡി.പി.ഒ | 1 | 1 | 500000 | 500000 | 100 |
| മെഡിക്കൽ ഓഫീസർ | 4 | 4 | 900000 | 660948 | 73.44 |
| ആകെ | 82 | 56 | 63914640 | 34409640 | 53.84 |

# 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 27.01.2017-13.02.2017 | 2015-16 | 15.02.2017 |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.12.2014-22.12.2014 | 2009-10മുതൽ 2013-14 വരെ | 05.02.2015 |

# ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ-ടെണ്ടർ നടത്തിയതിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാകേണ്ട ടെണ്ടർ ഫീസ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

2016-17 വർഷത്തിൽ 5 ലക്ഷത്തിനുമുകളിൽ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ മുഖേന ടെണ്ടർ വിളിച്ചിട്ടുള്ളതായി ടെണ്ടർ ഫയൽ, ടെണ്ടർ രജിസ്റ്റർ എന്നിവ പ്രകാരം കാണുന്നു.ടെണ്ടർ ഫോറങ്ങളുടെ വിലയും വാറ്റും പാലക്കാട് ജില്ലാ പഞ്ചായത്തിലെ എൽ.എസ്.ജി.ഡി വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. ടെണ്ടർ ഫോറങ്ങളുടെ വില നാളിതുവരെ ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചിട്ടില്ല. വാറ്റ് തുക വില്പന നികുതി ഓഫീസിലേക്കും അടച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന് അർഹതപ്പെട്ട തുക ലഭ്യമാക്കുന്നതിനും വാറ്റ് തുക ഒടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മുൻ വർഷങ്ങളിലെ ടെണ്ടർ ഫോറങ്ങളുടെ തുകകൾ ഉണ്ടെങ്കിൽ ആയതും തിരികെ ലഭ്യമാക്കേണ്ടതാണ്. തൻ വർഷം ഇ-ടെണ്ടർ നടത്തിയ പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | അടങ്കൽ | ടെണ്ടർ ഫീസ് (VAT ഉൾപ്പെടെ) | ലഭിച്ച ടെണ്ടറുകളുടെ എണ്ണം | ആകെ ടെണ്ടർ ഫീസ് (VAT ഉൾപ്പെടെ) |
|---|---|---|---|---|---|
| 1 | മുണ്ടൂർ പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം | 2972583 | 2625 | 11 | 28875 |
| 2 | ചെമ്മിണിക്കാവ് കൊമ്പനാൽ റോഡ് റീടാറിംഗ് പറളി | 1000000 | 2100 | 3 | 6300 |
| 3 | പച്ചാനി തോട്ടുപാലം ചാത്തംകുളം റോഡ് | 500000 | 1050 | 2 | 2100 |

| | | | | | |
|---|---|---|---|---|---|
| | കോങ്ങാട് | | | | |
| 4. | അയ്യപ്പൻ കുന്ന് പൊതുവായി റോഡ് മെറ്റലിംഗ് ടൈറിംഗ് കോങ്ങാട് | 500000 | 1050 | 6 | 6300 |
| 5. | പന്നിക്കോട് ചാത്തംകുളം റോഡ് കോങ്ങാട് | 525716 | 1155 | 2 | 2310 |
| 6. | അയ്യപ്പൻ കാവ് ആഴ്ത്ത് റോഡ് റീ ടാറിംഗ് കോങ്ങാട് | 500000 | 1050 | 2 | 2100 |
| 7. | കല്ലംപറമ്പ് ഞാറക്കോട് പള്ളി റോഡ് മെറ്റലിംഗ് ടാറിംഗ് മണ്ണൂർ | 1292100 | 2625 | 4 | 10500 |
| 8. | വടക്കുംമുറി പട്ടിക്കാട് റോഡ് മെറ്റലിംഗ് ടാറിംഗ് പറളി | 500000 | 1050 | 2 | 2100 |
| 9. | കമ്പ കൊട്ടക്കാട് റോഡ് മെറ്റലിംഗ് ടാറിംഗ് പറളി | 1000000 | 2100 | 2 | 4200 |
| 10. | ചെറപ്പൊറ്റ റോഡ് ടാറിംഗ് കോങ്ങാട് | 500000 | 1050 | 3 | 3150 |
| 11. | കളത്തുംപടി കോളനി റോഡ് മെറ്റലിംഗ് ടാറിംഗ് മണ്ണൂർ | 500000 | 1050 | 2 | 2100 |
| 12. | വടക്കുംപുറം പറകുന്നത്ത പാറ റോഡ് റീടാറിംഗ് പറളി | 500000 | 1050 | 3 | 3150 |
| 13. | ഒടവിൽ എടത്തറ റോഡ് കോൺക്രീറ്റ് പറളി | 500000 | 1050 | 4 | 4200 |
| 14. | പാറ കുണ്ട് റോഡ് കോൺക്രീറ്റ് കോങ്ങാട് | 500000 | 1050 | 2 | 2100 |
| 15. | വില്ലംകാട് കിഴക്കേക്കര റോഡ് മെറ്റലിംഗ് ടാറിംഗ് പറളി | 500000 | 1050 | 2 | 2100 |
| 16. | വാപ്പാട്ടുപറമ്പ് കോളനി റോഡ് കോൺക്രീറ്റ് കോങ്ങാട് | 500000 | 1050 | 6 | 6300 |
| 17. | ചേത്തക്കാട് അമ്പലവട്ടം റോഡ് കോൺക്രീറ്റ് മുണ്ടൂർ | 500000 | 1050 | 5 | 5250 |
| 18. | തീപ്പറമ്പ് റോഡ് മെറ്റലിംഗ് ടാറിംഗ് മുണ്ടൂർ | 631000 | 1365 | 2 | 2730 |

| | | | | | |
|---|---|---|---|---|---|
| 19. | ലക്ഷം വീട് കളറാഞ്ചി ശ്മശാനം റോഡ് കോൺക്രീറ്റ് ഫോർമേഷൻ പറളി | 500000 | 1050 | 4 | 4200 |
| 20. | വെട്ടത്ത് വടക്കേക്കര റോഡ് കോൺക്രീറ്റ് റീടാറിംഗ് മുണ്ടൂർ | 600000 | 1260 | 2 | 2520 |
| 21. | വടക്കുംമുറി കുടിവെള്ളപദ്ധതി മുണ്ടൂർ | 600000 | 1260 | 2 | 2520 |
| 22. | മുണ്ടപറമ്പ് കുടിവെള്ളപദ്ധതി പിരായിരി | 1000000 | 2100 | 1 | 2100 |
| 23. | കണക്കപറമ്പ് റോഡ് മെറ്റലിംഗ് ടാറിംഗ് മുണ്ടൂർ | 1100000 | 2310 | 2 | 4620 |
| 24. | ചാത്തൻചിറക്കുന്ന് കാരക്കാൻ ചിറ കുടിവെള്ളപദ്ധതി, കേരളശ്ശേരി | 1200000 | 1890 | 2 | 3780 |
| 25. | കോഴിച്ചുണ്ട കുടിവെള്ളപദ്ധതി | 500000 | 1050 | 3 | 3150 |
| 26. | വടക്കൻപുറം വായനശ്ശാല കൊളയംകോട് റോഡ്, പറളി | 896582 | 1890 | 4 | 7560 |
| 27. | പത്തിരിപ്പാല നഗരിപ്പുറം റോഡ് മണ്ണൂർ | 1000000 | 1575 | 3 | 4725 |
| 28. | എടയ്ക്കാട്ടുപുറം കുടിവെള്ളപദ്ധതി, പിരായിരി | 900000 | 1890 | 2 | 3780 |
| 29. | പാറക്കുണ്ട് കുടിവെള്ളപദ്ധതി, കോങ്ങാട് | 625000 | 1365 | 2 | 2730 |
| 30. | ശങ്കരച്ചാൻതൊടി എസ്.സി കോളനി കുടിവെള്ളപദ്ധതി, പിരായിരി | 700000 | 1470 | 2 | 2940 |
| 31. | കുണ്ടളശ്ശേരി അമ്പലപറമ്പ് കുടിവെള്ളപദ്ധതി, കേരളശ്ശേരി | 1400000 | 2205 | 3 | 6615 |
| 32. | കിഴക്കേക്കര കുടിവെള്ളപദ്ധതി, കേരളശ്ശേരി | 1100000 | 1785 | 3 | 5355 |

| | | | | | |
|---|---|---|---|---|---|
| 33. | മനയ്ക്കാംപടം അങ്കണവാടി പറളി | 1000000 | 1575 | 3 | 4725 |
| 34. | കണക്കപറമ്പ് അങ്കണവാടി, മുണ്ടൂർ | 1174500 | 1890 | 2 | 3780 |
| 35. | കേരളശ്ശേരി പൊട്ടംപാടം കിണർ റോഡ് | 700000 | 1470 | 3 | 4410 |
| 36. | മുണ്ടൂർ പ്രീമെട്രിക് ഹോസ്റ്റൽ മെയിന്റനൻസ് | 800000 | 1680 | 2 | 3360 |
| 37. | കുണ്ടളശ്ശേരി അമ്പലപറമ്പ് പറമ്പ് പകൽ വീട്, കേരളശ്ശേരി | 1315000 | 1890 | 2 | 3780 |
| | ആകെ | | | | 172515 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ (നം. 3/17.11.2017) ത്തിന് ലഭിച്ച മറുപടിയിൽ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും ടെണ്ടർ ഫീസിനത്തിലുള്ള തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കോങ്ങാട് സി.എച്ച്.സി മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

I.പ്രോ.നം : 78/17,ഗ്രാമ പഞ്ചായത്തുകളുടെ പാലിയേറ്റിവ് പരിചരണം- ബ്ലോക്ക് വിഹിതം

അടങ്കൽ : 350000/-

ചെലവ് : 320585/-

ബിൽ നം : 4/16-17 31.03.2017 തുക200000/-,

5/16-17 31.03.2017, തുക120585/-

എ)മേൽ പ്രൊജക്റ്റ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലേക്ക് തുക ചെലവഴിച്ചതിൽ അപാകതകൾ കാണുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാങ്ങിയ സ്ഥാപനം | ഇൻവോയ്സ് നം, തീയതി | ഇനം | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | NRHM ഡിസ് പെൻസറി, കോങ്ങാട് | 1535തീ. 07.02.17, ഔഷധി | ആയുർവേദ മരുന്ന് | 50000 | മരുന്ന് ലഭ്യമായിട്ടില്ല |
| 2 | PHC, മണ്ണൂർ | 1444തീ.21 .01.17, ഔഷധി | ആയുർവേദ മരുന്ന് | 50000 | തുകയുടെ കൈപ്പറ്റ് ഇല്ല. മരുന്ന് ലഭ്യമായിട്ടില്ല |
| 3 | PHC,പറളി | 4202 തീ.24.03.17, KMSCL | അലോപ്പതി മരുന്ന് | 50000 | മരുന്ന് ലഭ്യമായിട്ടില്ല. |
| 4 | PHC, മുണ്ടൂർ | SMCPKD0550 തീ.07.02.17, സിഡ്കോ | സ്റ്റീൽ കാബിനറ്റ് | 11262 | തുകയുടെ കൈപ്പറ്റ് വിവരം ഇല്ല. |
| 5 | PHC, പിരായിരി | PKD/4304/2016 തീ.17.03.17, സപ്ലൈകോ | ഡിസ്പോസിബിൾസ് | 25663 | തുകയുടെ കൈപ്പറ്റ് വിവരം ഇല്ല. |
| 6 | PHC, പിരായിരി | 43/17 തീ.21.03.17, കോ-ഓപ്പറേറ്റിവ് പ്രിന്റിംഗ് പ്രസ്സ് | പ്രിന്റിംഗ് | 5355 | തുകയുടെ കൈപ്പറ്റ് വിവരം ഇല്ല. |

കൈമാറിയ തുകയ്ക്കുള്ള ആയുർവേദ, അലോപ്പതി മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) തുക കൈമാറിയതിന് കൈപ്പറ്റു രശീതികൾ വാങ്ങി സൂക്ഷിക്കേണ്ടതാണ്.

സി) മങ്കര പി.എച്ച്.സി.യുടെ പാലിയേറ്റിവ് പരിചരണ ചെലവുകൾക്കായി 2016 ഡിസംബർ മാസത്തേക്ക് 19960/- രൂപയും 2017 ജനുവരി മാസത്തേക്ക് 20000/-രൂപയും (ആകെ 39960/-രൂപ) പാലക്കാട് ബ്ലോക്കിൽ നിന്നും മങ്കര പി.എച്ച്.സി.യിലെ മെഡിക്കൽ ഓഫീസറുടെ TSB അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. തുക കൈപ്പറ്റിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. ചെലവുകളുടെ ഇരട്ടിപ്പ് ഒഴിവാക്കുന്നതിന് പ്രസ്തുത ചെലവുകൾ ഗ്രാമപഞ്ചായത്തിന്റെ പാലിയേറ്റിവ് പദ്ധതി ചെലവുകളിൽ നിന്നും നൽകിയിട്ടില്ല എന്നുള്ള

സാക്ഷ്യപത്രം കൂടി ലഭ്യമാക്കേണ്ടതാണ്.

II.പ്രോ.നം : 79/17,പാലിയേറ്റിവ് പരിചരണം-പട്ടിക ജാതി രോഗികൾക്ക് പരിചരണ സാമഗ്രികൾ

അടങ്കൽ : 350000/-

ചെലവ് : 147943/-

ബിൽ നം : 3/16-17 20.03.2017 തുക111753/-,

6/16-17 31.03.2017, തുക36190/-

| ക്രമ നം | വാങ്ങിയ സ്ഥാപനം | സപ്ലൈ ചെയ്ത സ്ഥാപനം/തുക കൈപ്പറ്റിയ സ്ഥാപനം | ഇൻവോയ്സ് നം, തീയതി | റിമാർക്സ് |
|---|---|---|---|---|
| 1 | CHC, കോങ്ങാട് | സപ്ലൈകോ | PKD/4731/2016 തീ.14.03.17, തുക32972/- | തുകയുടെ കൈപ്പറ്റ് വിവരം ഇല്ല. |
| 2 | PHC, കേരളശ്ശേരി | കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി | 33613തീ.24.01.17, തുക15490/- | തുകയുടെ കൈപ്പറ്റ് വിവരം ഇല്ല. |
| 3 | PHC, മുണ്ടൂർ | സപ്ലൈകോ | PKD/4015/2016 തീ.24.02.17, തുക13791/- | തുകയുടെ കൈപ്പറ്റ് വിവരം ഇല്ല. |
| 4 | PHC, മണ്ണൂർ | സപ്ലൈകോ | PKD/3998/2016 തീ.23.02.17, തുക49500/- | തുകയുടെ കൈപ്പറ്റ് വിവരം ഇല്ല. |
| 5 | PHC, മുണ്ടൂർ | സപ്ലൈകോ | PKD/4420/2016 തീ.27.03.17, തുക36190/- | തുകയുടെ കൈപ്പറ്റ് വിവരം ഇല്ല. |

ഇൻവോയ്സ് പ്രകാരമുള്ള ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഉപകരണം ലഭിച്ച വ്യക്തികൾ നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളതിന്റെ വിവരം, ഈ വ്യക്തികൾക്ക് ഈ ആനുകൂല്യം മുമ്പ് ലഭ്യമായിട്ടില്ല എന്നുള്ളതിന്റെ സാക്ഷ്യപത്രം തുടങ്ങിയ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നമ്പർ 2/13.11.2017)

## 3-2 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

വിവിധ പദ്ധതികൾക്കായി ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | പദ്ധതി | സ്ഥാപനം | തുക | ബിൽ നം/ തീയതി |
|---|---|---|---|---|
| 1 | 30/17, മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | കേരളശ്ശേരി ഗ്രാ.പ | 50000/- | 01/16-17 തീ.29.12.2016 |
| | | മങ്കര ഗ്രാ.പ | 50000/- | |
| | | മുണ്ടൂർ ഗ്രാ.പ | 125000/- | |
| 2 | 75/17, പാലിന് സബ്സിഡി | കേരളശ്ശേരി ഗ്രാ.പ | 200000 | 01/16-17 തീ.14.03.2017 |
| | | മങ്കര ഗ്രാ.പ | 200000 | |
| | | മുണ്ടൂർ ഗ്രാ.പ | 300000 | |
| | | പറളി ഗ്രാ.പ | 200000 | |
| | | മണ്ണൂർ ഗ്രാ.പ | 300000 | |
| | | കോങ്ങാട് ഗ്രാ.പ | 400000 | |
| | | പിരായിരി ഗ്രാ.പ | 400000 | 02/16-17 തീ.25.03.2017 |

## 3-3 ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകിയതിന്റെ വിനിയോഗ രേഖകൾ ലഭ്യമായിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകിയതിന്റെ വിനിയോഗ രേഖകൾ ലഭ്യമായിട്ടില്ല

| പദ്ധതി | തുക | ട്രഷറി ബിൽ |
|---|---|---|
| മുണ്ടൂർ ഗ്രാമപഞ്ചായത്ത് ശ്മശാനത്തിൽ ഗ്യാസ് ക്രിമിറ്റോറിയം നിർമ്മാണം (100/17) | 30,50000/- (പ്ലാൻ ജനറൽ) | 26/23.3.2017 |
| വൃദ്ധർ, പാലിയേറ്റീവ് കെയർ രോഗികൾ എന്നിവർക്ക് കട്ടിൽ മറ്റുപകരണങ്ങൾ വാങ്ങൽ കോങ്ങാട് ഗ്രാമപഞ്ചായത്തിന് ബ്ലോക്ക് വഹിതം നൽകൽ (ജനറൽ) (113/17) | 400000/- – (പ്ലാൻ ജനറൽ) | 34/31.3.2017 |

ബ്ലോക്ക് വിഹിതം നൽകിയ തുകയുടെ വിനിയോഗം, പ്രവൃത്തിയുടെ പൂർത്തീകരണം എന്നീ

രേഖകൾ ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-4 രേഖകൾ ഇല്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണം നടത്തിയ കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ ദൈനംദിന ചെലവുകൾ (73/17) എന്ന പദ്ധതി പ്രകാരം 430000/-രൂപ (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) ബിൽ നം 8/23.11.2016 പ്രകാരം പിൻവലിച്ച് STSB-4 (GPG) അക്കൗണ്ടിലേക്ക് 23.11.2016 തീയ്യതിയിൽ Transfer credit ചെയ്തിട്ടുണ്ട്. 430000/- രൂപയുടെ ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല. പദ്ധതി തുക പിൻവലിച്ച് തനത് അക്കൗണ്ടിൽ നിക്ഷേപിക്കുന്നത് മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ആയതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് അന്വേഷണം നമ്പർ 4/17.11.2017)

## 3-5 രേഖകളില്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണം ചെയ്ത തുടർ സാക്ഷരത (31/17) പദ്ധതി പ്രകാരം 100000/- രൂപ പ്ലാൻ ഫണ്ട് (ട്രഷറി ബിൽ 37/29.3.2017) ചെലവു ചെയ്തിരിക്കുന്നത് 2015-16 ലെ സാക്ഷരത തുല്യ പദ്ധതി പ്രകാരം പ്ലസ്ടു വിദ്യാർത്ഥികൾക്കുള്ള പരീക്ഷാ ഫീസ് 700/- വീതം 105 പേർക്ക് 73500/- , പത്താം തരം 500/- വീതം 53 പേർക്ക് 26500/- എന്ന പ്രകാരമാണ്. ഈ പദ്ധതിയുടെ നടത്തിപ്പിലുള്ള അപാകതകൾ

1. ബ്ലോക്ക് പ്രേരക് നൽകിയ ലിസ്റ്റിലെ പഠിതാക്കളുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് തുക നൽകിയിരിക്കുന്നത് . പഠിതാക്കളുടെ വിശദമായ രേഖകൾ ഫയലിൽ ഇല്ല.
2. ബ്ലോക്ക് പ്രേരക് നൽകിയ ലിസ്റ്റിലെ പഠിതാക്കൾ പരീക്ഷ എഴുതി എന്ന് ഉറപ്പുവരുത്തുന്നതിന് വിദ്യലയത്തിലെ പ്രിൻസിപ്പാൾ, എച്ച്.എം .എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

100. ഗ്രാമപഞ്ചായത്തിൽ നിന്ന് ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്നു തെളിയിക്കുന്നതിനുള്ള രേഖ ലഭ്യമാക്കിയിട്ടില്ല.

500. സർക്കുലർനം.48360/എഫ്.എം.1/2009/ത.സ്വ.ഭ.വ.6.10.2009 പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട പഠിതാക്കളുടെ കോഴ്സ് ഫീസ്, പരീക്ഷാഫീസ് എന്നിവ പട്ടികജാതി/പട്ടിക വർഗ്ഗ വകുപ്പ് നൽകുന്നതിനാൽ തദ്ദേശഭരണ സ്ഥാപനം നൽകേണ്ടതില്ല. മറ്റു വിഭാഗങ്ങളിലെ വനിതകൾ, പരമ്പരാഗത മത്സ്യ തൊഴിലാളികൾ, ദാരിദ്ര്യരേഖക്ക് താഴെയുള്ള മറ്റുള്ളവരുടെയും കോഴ്സ് ഫീസ്, പരീക്ഷാഫീസ് എന്നിവ ഗ്രാമപഞ്ചായത്തുകൾക്കും, നഗരസഭകൾക്കും വഹിക്കാവുന്നതാണ്. ആയതിനാൽ പഠിതാക്കൾ ഏതു വിഭാഗത്തിൽപെടുന്നവരാണ് എന്നതിന് വ്യക്തമായ രേഖകളില്ലാതെ പരീക്ഷാ ഫീസ് അനുവദിച്ചതു വഴി അർഹതയില്ലാത്തവർക്ക് ആനുകൂല്യം ലഭിക്കാൻ സാധ്യതയുണ്ട്.

വ്യക്തമായ രേഖകളുടെ അഭാവത്താൽ ചെലവു തുക 100000/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് അന്വേഷണം നമ്പർ 4/17.11.2017)

## 3-6 സംയുക്ത പ്രോജക്ടുകൾ- ഉടമ്പടിയിലേർപ്പെട്ടിട്ടില്ല.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിപുതുക്കിയ മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 4/2016/തസ്വഭവ ഖണ്ഡിക 6.15.VII പ്രകാരം സംയുക്ത പ്രോജക്റ്റുകളിൽ പങ്കാളിയാവുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ തമ്മിൽ ഒരു ഉടമ്പടിയിലേർപ്പെടേണ്ടതാണ്. പാലക്കാട് ബ്ലോക്ക് പഞ്ചായത്ത് മറ്റു ഗ്രാമ പഞ്ചായത്തുകളുമായി ചേർന്ന് സംയുക്ത പ്രോജക്റ്റുകൾക്ക് ബ്ലോക്ക് വിഹിതം നൽകിയിട്ടുണ്ടെങ്കിലും ഉടമ്പടിയിലേർപ്പെട്ടിട്ടില്ല. ആയതിനാൽ ഉടമ്പടി വയ്ക്കേണ്ടതും ആയതിന്റെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-7 സോളാർ വൈദ്യുതീകരണം

സോളാർ വൈദ്യുതീകരണം

| പദ്ധതി | അടങ്കൽ | ചെലവ് |
|---|---|---|
| ബ്ലോക്ക് ഓഫീസിൽ സോളാർ വൈദ്യുതീകരണം (56/17) | 1250000/- (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) | 589481/- |
| കോങ്ങാട് സി.എച്ച്.സി.സോളാർ വൈദ്യുതീകരണം (88/2017) | 1049945/- മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 505050/- |

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി കേൽട്രോൺ ആണ്.

സൗരോർജ്ജനിലയം കെ.എസ്.ഇ.ബി.ഗ്രിഡുമായി ബന്ധിപ്പിച്ച് പൂർണ്ണമായും സോളർ വൈദ്യുതീകരണം നടപ്പിലാക്കുന്നതിന് കെൽട്രോൺ നിർവ്വഹണ ഏജൻസിയായി മേൽ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് 2016-17 സാമ്പത്തിക വർഷം മേൽ തുകകൾ മുൻകൂർ നല്കിയിട്ടുണ്ട്. കരാർ (16.1.2017) പ്രകാരം 50% തുക മുൻകറായി, പ്രവൃത്തി പൂർത്തയാവുന്ന മുറക്ക് 40%, പ്ലാന്റ് കമ്മിഷൻ ചെയ്യുന്ന മുറക്ക് 10% എന്ന പ്രകാരമാണ് കെൽട്രോണിന് തുക നൽകേണ്ടത്. ബ്ലോക്ക് ഓഫീസിൽ 15 KWA, കോങ്ങാട് സി.എച്ച്.സി.യിൽ 10 KWA സോളാർ വൈദ്യുതീകരണം നടത്തുന്നതിനാണ് പദ്ധതി. 2016-17 സാമ്പത്തിക വർഷം മുൻകൂർ നല്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. പ്രവൃത്തി പൂർത്തികരണം വരും വർഷങ്ങളിലാണ്. പ്രവൃത്തി പൂർത്തീകരണ രേഖകൾ അടുത്ത ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-8 എല്ലാ നിർവ്വണോദ്യോഗസ്ഥരുടെയും പങ്കാളിത്തം ഉറപ്പ് വരുത്തേണ്ടതാണ്

2016-17 വർഷത്തിൽ താഴെ പറയുന്ന നിർവഹണ ഉദ്യോഗസ്ഥർ മുഖേന പദ്ധതികളൊന്നും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല.

1. വ്യവസായ വികസന ഓഫീസർ

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 172ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരമുള്ള നാലാം പട്ടിക പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ ഉൾപ്പെട്ട മേൽ പറഞ്ഞ മേഖലകളിൽ കൈമാറികിട്ടിയ നിർവഹണ ഉദ്യോഗസ്ഥർ നിലവിലുണ്ടായിട്ടും ബ്ലോക്ക് പഞ്ചായത്ത് പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമം അനുശാസിക്കുന്ന പ്രകാരമുള്ള ചുമതലകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി എല്ലാ മേഖലകളിലും വികസന ഫണ്ട് ചെലവഴിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ആവിഷ്കരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി പ്രവർത്തനങ്ങളിൽ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരുടേയും പങ്കാളിത്തം ഉറപ്പ് വരുത്തേണ്ടതാണ്.

## 3-9 അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ സ്റ്റേററുമെന്റ്, ബാങ്ക് ബുക്ക് എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2016-17 സാമ്പത്തിക വർഷത്തെ താഴെ പറയുന്ന അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ സ്റ്റേററുമെന്റ്, ബാങ്ക് ബുക്ക് എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1. 28939- സിൻഡിക്കേറ്റ് ബാങ്ക്
2. 50218 - ഇന്ത്യൻ ബാങ്ക്
3. 11596 – കനറാ ബാങ്ക്
4. 57282 - പഞ്ചാബ് നാഷണൽ ബാങ്ക്
5. 57088 - പഞ്ചാബ് നാഷണൽ ബാങ്ക്

മേൽപ്പറഞ്ഞ അക്കൗണ്ടുകളുടെ ബാങ്ക് ബുക്ക് , റീകൺസിലിയേഷൻ സ്റ്റേററുമെന്റ് എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-10 സ്രോതസ്സിൽ നിന്നും ആദായനികുതി കുറവ് ചെയ്തിട്ടില്ല

ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും ചെക്ക് നം.1032686/27.06.2016 പ്രകാരം സ്ട്രക്ചേഴ്സ് ഇന്ത്യ എന്ന സ്ഥാപനത്തിന് എം.എൽ.എ ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന മുണ്ടൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ എസ്റ്റിമേറ്റ്, സ്ട്രക്ചറൽ ഡിസൈൻ, ആർക്കിടെക്ചറൽ ഡ്രോയിംഗ് എന്നിവ തയ്യാറാക്കിയതിന് 77886/-രൂപ നൽകിയിട്ടുണ്ട്. എം.എൽ.എ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തിരികെ ജനറൽ പർപ്പസ് ഗ്രാന്റിലേക്ക് റീക്ലപ്പ് ചെയ്യേണ്ടതായ തുകയാണിത്. എന്നാൽ 2016ലെ ധനകാര്യ ബിൽ, സെക്ഷൻ 194 J അനുസരിച്ച് പ്രൊഫഷണൽ ചാർജ് നൽകുമ്പോൾ സ്രോതസ്സിൽ നിന്നും ഈടാക്കേണ്ട 10% ആദായനികുതി 7789/-രൂപ ഈടാക്കാതെയാണ് തുക നൽകിയിട്ടുള്ളത്. വിശദീകരണം ലഭ്യമാക്കേണ്ടതും ടി സ്ഥാപനത്തിൽ നിന്നും തുക ഈടാക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/18.11.17) മറുപടി ലഭ്യമായില്ല.

# 3-11 പൊതുമരാമത്ത് പ്രവൃത്തികൾ -പൊതു അവലോകനം

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ പ്രൊജക്റ്റുകളുടെ ഫയലുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിക്കുമ്പോൾ താഴെ പറയുന്ന വസ്തുതകൾ ശ്രദ്ധയിൽപ്പെട്ടു.

| വകയിരുത്തിയ പ്രൊജക്റ്റുകൾ | | ചെലവഴിച്ചത് | |
|---|---|---|---|
| എണ്ണം | തുക | എണ്ണം | തുക |
| 50 | 35700577 | 25 | 9601167 |

വകയിരുത്തിയ തുകയുടെ 26.89% മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. വകയിരുത്തിയ പ്രൊജക്റ്റുകളിൽ 50% ൽ മാത്രമേ ചെലവു നടന്നിട്ടുള്ളൂ. 7 സ്പിൽ ഓവർ പ്രവൃത്തികളിൽ 2 എണ്ണം 2016-17 വർഷവും പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തികൾ കാലതാമസം കൂടാതെ നടപ്പിലാക്കുന്നതിന് ഭരണസമിതി, നിർവ്വഹണോദ്യോഗസ്ഥൻ എന്നിവർ നടപടികൾ സ്വീകരിക്കേണ്ടതാണ്. വർക്ക്ഫയലുകൾ പരിശോധിക്കുമ്പോൾ താഴെ കാണുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടത് പരിഹരിക്കേണ്ടതാണ്.

കരാർ പ്രകാരമുള്ള പൂർത്തീകരണത്തീയതിയ്ക്കു ശേഷവും പൂർത്തീകരിക്കാതെ സ്പിൽ ഓവറായി തുടരുന്ന പ്രവൃത്തികളിലൊന്നും തന്നെ കരാറുകാരുമായി സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുന്നില്ല. കൂടാതെ റിവൈസ്ഡ് എസ്റ്റിമേറ്റ് വഴി എക്സ്ട്രാ ഐറ്റംസ് ഉൾപ്പെടുത്തുന്ന

പ്രവൃത്തികളിലും കരാറുകാരുമായി സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുന്നില്ല.

## **3-12** നിശ്ചിത സമയപരിധിക്കകം കരാറുകാർ എഗ്രിമെന്റ് വെച്ചിട്ടില്ല

താഴെ പറയുന്ന പ്രവൃത്തി ടെണ്ടർ ചെയ്തത് ടെണ്ടർ ഉറപ്പിച്ച് നിശ്ചിത സമയപരിധിക്കകം കരാറുകാരൻ എഗ്രിമെന്റ് വെച്ചിട്ടില്ല. ജി. ഒ. (പി) 13/2012/PWD/01-02-2012 പ്രകാരമുള്ള പുതുക്കിയ KPWD മാന്വൽ അനുസരിച്ച് ടെണ്ടർ സ്വീകരിച്ചതിന് ശേഷം 7 ദിവസത്തിനകമോ Firm period നകമോ (ഏതാണോ ആദ്യം അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് അയക്കണം. സെലക്ഷൻ നോട്ടീസ് നിയമാനുസൃതം അയച്ച തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. 14ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാർ തുകയുടെ 1%പിഴ ഈടാക്കി (മിനിമം 1000/-, മാക്സിമം 25000/-) കരാറുടമ്പടി വെയ്ക്കാം. 14ദിവസവും പിഴയോടുകൂടിയ 10ദിവസവും കഴിഞ്ഞും കരാറുടമ്പടി വെയ്ക്കാത്തപക്ഷം കരാർ റദ്ദാക്കണം. EMDകണ്ട് കെട്ടി ടെണ്ടർ നിബന്ധനകളിലെ വ്യവസ്ഥകൾ പ്രകാരമുള്ള മറ്റു നടപടികളും സ്വീകരിക്കണം. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തിയിൽ ഈ നടപടിക്രമങ്ങളൊന്നും പാലിക്കാതെ കരാറുകാരെ എഗ്രിമെന്റ് വെയ്ക്കാൻ അനുവദിക്കുകയാണുണ്ടായത്. ആയതിനാൽ കരാറുകാരിൽ നിന്നും നിയമപ്രകാരം ഈടാക്കേണ്ടിയിരുന്ന പിഴ 1073/-രൂപ ഈടാക്കി ബ്ലോക്ക് പഞ്ചായത്തു ഫണ്ടിൽ ഒടുക്കേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 3/17.11.17) കരാറുകാരനിൽ നിന്നും പിഴ ഈടാക്കുന്നതാണ് എന്ന് മറുപടി ലഭ്യമായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്റ്റ് കരാർ തുക | ടെണ്ടർ തീയതി/ അംഗീകരിച്ചത് | സെലക്ഷൻ നോട്ടീസ് അയച്ചത് | എഗ്രിമെന്റ് വെച്ചത് /കരാറുകാരൻ | പിഴ ഈടാ ക്കേണ്ടത് |
|---|---|---|---|---|---|
| 1. | കണ്ണയംകോട് കുടിവെള്ള പദ്ധതി പൂർത്തീകരണം 8/17, 107297/- | 16.12.16 | തീയതി ഇല്ല (31.12.16നകം എഗ്രിമെന്റ് വെയ്ക്കുന്നതിന് നിർദ്ദേശം | 17.1.17 നൂറുൽ ഹമീദ് | 1073/- |

# 3-13 ബിറ്റുമിൻ അധികവില നൽകിയത് തിരികെ ഈടാക്കണം

ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്ത് തുക വകയിരുത്തി അംഗീകാരം വാങ്ങിയിട്ടുള്ള 11 ടാറിംഗ് പ്രവൃത്തികളിൽ കരാറുകാർക്ക് ബിറ്റുമിൻ (VG-30, SS1, RS1) വാങ്ങി നൽകുന്നതിന് 1437357 /-രൂപ ചെലവഴിച്ചിട്ടുണ്ട് . ബിറ്റുമിൻ വാങ്ങുന്നതിനാവശ്യമായ ഈ തുക അസി. എക്സി.എഞ്ചിനീയർ ട്രഷറിയിൽ നിന്നും 13.3.17 ലെ 6 മുതൽ 16 വരെയുള്ള ബില്ലുകളിലൂടെ മുൻകൂറായി പിൻലിച്ച് സെക്രട്ടറിയുടെ സ്പെഷ്യൽ ടി.എസ്ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും സെക്രട്ടറി HPCL, കൊച്ചി, HINDCOL, കൊച്ചി എന്നീ സ്ഥാപനങ്ങൾക്ക് RTGS മുഖേന തുക നൽകുകയും ചെയ്തിട്ടുണ്ട്.

| സ്ഥാപനം | തുക |
|---|---|
| HPCL , കൊച്ചി | 1030098 |
| HINDCOL,കൊച്ചി | 407259 |
| ആകെ | 1437357 |

എന്നാൽ മേൽ സ്ഥാപനങ്ങളുടെ ബില്ലുകൾ പ്രകാരം സപ്ലൈ ചെയ്ത ബിറ്റുമിന്റെ ആകെ വില താഴെ പറയും പ്രകാരമാണ്.

| ബിൽനം./തീയതി | ബാരൽ-എണ്ണം | ബിറ്റുമിൻ ഇനം | തുക | സ്ഥാപനം |
|---|---|---|---|---|
| 17001435/8.5.17 | 89 | VG 30 | 468433.78 | HPCL, കൊച്ചി. |
| 17001431/8.5.17 | 95 | VG30 | 500013.59 | ടി |
| ആകെ HPCL | | | 968447.37 | |
| 5198/8.5.17 | 15 | SS1 | 177947 | HINDCOL,കൊച്ചി. |
| 5473/11.5.17 | 4 | SS1 | 47439 | ടി |
| 5057/6.5.17 | 22 | RS1 | 158631 | ടി |
| ആകെ HINDCOL | | | 384017 | |
| ആകെ മൊത്തം | | | 1352464.37 | |

ഇതു പ്രകാരം ബിറ്റുമിൻ സപ്ലൈ ചെയ്യുന്നതിനായി മേൽ സ്ഥാപനങ്ങൾക്ക് കൂടുതൽ തുക നൽകിയിട്ടുണ്ട്. ആയതിനാൽ ആകെ അധികം നൽകിയ തുക ടി സ്ഥാപനങ്ങളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

HPCL ന് അധികം നൽകിയത് - 1030098-968447.37=61650.63

HINDCOL ന് അധികം നൽകിയത് - 407259-384017=23242

ആകെ മൊത്തം -84892.63

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/01.07.17) ലഭ്യമായ മറുപടിയിൽ അധികം നൽകിയ തുക ഈടാക്കുന്നതിനു നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| വിവിധ ഗ്രാമ പഞ്ചായത്തുകൾ | മുൻബാക്കി ഉൾപ്പെടെ- 2016-17 | 7440000+ 1760000 | ഐ.എ. വൈ | 8131625 | ** |
| ജില്ലാ പഞ്ചായത്ത് | 2016-17 | 12582000 | ഐ.എ.വൈ | 8394125 | 4187875 |

** 2016-17 ൽ ഗ്രാമപഞ്ചായത്ത് വിഹിതം വരവ് – ചെല് 1760000/-രൂപയാണ്. മുൻബാക്കി ഉൾപ്പെടെയുള്ള തുകയാണ് തുകകളുടെ വരവാണ്. ബ്ലോക്ക് വിഹിതം, ജില്ലാ പഞ്ചായത്തു വിഹിതംഎന്നിവ കൂടി അക്കൗണ്ടിൽ ഉള്ളതിനാൽ നീക്കിയിരിപ്പിന്റെ വ്യക്തമായ കണക്ക് ലഭ്യമായിട്ടില്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സമ്പൂർണ്ണ വൈദ്യുതീകരണം | 23/16-17 തീ23.03.17 | 800000 | 800000 | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഒന്നുമില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഒന്നുമില്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 142298744 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 83166784 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1073 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 530000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-12 | | 1073(fine) | കെ.ടി. കൃഷ്ണൻകുട്ടി. അസി.എക്സി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ |
|---|---|---|

| | | |
|---|---|---|
| | | ആളുടെ പേരും ഉദ്യോഗപ്പേരും |
| 3-4 | 430000 | ശ്രീ.ബഷീർ.എ (ഇൻചാർജ്ജ്),സെക്രട്ടറി |
| 3-5 | 100000 | ശ്രീ.ബഷീർ.എ (ഇൻചാർജ്ജ്),സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | ഇനം | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 3-10 | ആദായനികുതി | 7789 | ശ്രീ. മനോജിത് പസന്ത്, സെക്രട്ടറി. |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ.ടി.കൃഷ്ണൻകുട്ടി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഡി ആർ ഡി എ, പാലക്കാട്. | കൃഷ്ണഗീതം, കുന്നത്താഴത്ത്, ഷൊറണൂർ-679121 |
| മനോജിത് പസന്ത്, സെക്രട്ടറി | അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (PA) കോഴിക്കോട് | കളപ്പുരയ്ക്കൽ ഹൗസ്, കാഞ്ഞിരംകോട് പിഒ, കുമ്പളങ്ങാട്, വടക്കാഞ്ചേരി,തൃശ്ശൂർ |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | നം.എൽ.എഫ്.പി.9/709/99/ 14.9.99 | 0 |
| 1996-97 | | |
| 1997-98 | | |

| | | |
|---|---|---|
| 1998-99 | നം.എൽ.എഫ്.പി.6/541/05/ 1.2.06 | 2 |
| 1999-2000 | നം.എൽ.എഫ്.പി.6/804/04/ 11.8.05 | 4 |
| 2000-2001 | നം.എൽ.എഫ്.പി.6/1354/07/ 31.12.07 | 8 |
| 2001-02 | നം.എൽ.എഫ്.പി.6/1355/07/ 31.12.07 | 4 |
| 2002-03 | നം.എൽ.എഫ്.പി.6/1356/07/ 31.12.07 | 6 |
| 2003-04 | നം.എൽ.എഫ്.പി.6/965/08/ 2.2.09 | 4 |
| 2004-05 | നം.എൽ.എഫ്.പി.6/966/08/ 2.2.09 | 3 |
| 2005-06 | നം.എൽ.എഫ്.പി.6/967/08/ 2.2.09 | 2 |
| 2006-07 | നം.എൽ.എഫ്.പി.6/968/09/ 2.2.09 | 11 |
| 2007-08 | നം.എൽ.എഫ്.പി8/1058/12/ 10.8.12/5.11.12 | 5 |
| 2008-09 | എൽ.എഫ്.പി8/1059/12/ 10.8.2012 | 4 |
| 2009-10 | നം.എൽ.എഫ്.പി.8/1060/12/ 10.8.09/5.11.12 | 0 |
| 2010-11 | നം.എൽ.എഫ്.പി.8/1147/13/ 1.4.14/ | 6 |
| 2011-12 | നം.എൽ.എഫ്.പി8/2220/14 /11.3.15 | 13 |
| 2012-13, 2013-14 & 2014-15 | നം.കെ.എസ്.എ-പികെഡി8/60/16/ 12.2.2016 | 21 |
| 2015-16 | നം.കെ.എസ്.എ-പികെഡി8/904/17/ 27.05.2017 | 11 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്